<u>15 -ാം കേരള നിയമസഭ</u>

<u>4 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 555</u> <u>23-02-2022 - ൽ മറുപടിയ്ക്ക്</u>

<u>ചാത്തന്നൂർ വഞ്ചി ക്ലേ മൈൻസ് ഭൂമിയിൽ വ്യവസായ സമുച്ചയ നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂരിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ടിൽ (വഞ്ചി ക്ലേ മൈൻസ്) ഒരു വ്യവസായ സമുച്ചയം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധി 02.11.2021-ൽ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ; | (എ) | ഇതു സംബന്ധിച്ച് 02/11/2021-ൽ ജനപ്രതിനിധി കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് നിവേദനം നൽകിയിരുന്നു. പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ചാത്തന്നൂർ വ്യവസായ വികസന പ്ലോട്ടിന്റെ പ്രാഥമിക വിവരങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | വ്യവസായ പാർക്കിന് ഏറ്റവും അനുയോജ്യമായ പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തി തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ വ്യവസായ വകുപ്പ് സൗകര്യം ഒരുക്കി നല്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ചാത്തന്നൂർ വ്യവസായ വികസന പ്ലോട്ടിൽ സംരംഭകർക്ക് ഭൂമി അനുവദിക്കുന്നതിനായി മുൻഗണനാ ലിസ്റ്റ് നിലവിലുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ട സംരംഭകർക്ക് ഭൂമി ലഭ്യമാകുന്നതിലൂടെയും പ്രസ്തുത പ്ലോട്ടിൽ ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിലൂടെയും നിരവധി ചെറുകിട സംരംഭങ്ങൾ ആരംഭിക്കുവാനും തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് തൊഴിൽ ലഭ്യമാക്കുവാനും കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ